## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **06-07-2022 - ൽ മറുപടിയ്ക്ക്**

## ഹോട്ടലുകളുടെയും തട്ടുകടകളുടെയും ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, തട്ടുകടകൾ മറ്റ് ഭക്ഷണ പദാർത്ഥം നിർമ്മിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ആർക്കാണ്ചുമതല എന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഒരു അസംബ്ലി മണ്ഡലത്തിന്റെ പരിധിയിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ എന്ന നിലയിൽ ചുമതല നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന അസംബ്ലി മണ്ഡലത്തിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥനാണ് ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നത്. ഗ്രാമ പഞ്ചായത്തിൽ വരുന്ന സ്ഥാപനങ്ങളുടെ പൊതു ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നത് ഗ്രാമ പഞ്ചായത്തിലെ ചുമതല ഉള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ കൂടി ഉത്തരവാദിത്തം ആണ്. |

സെക്ഷൻ ഓഫീസർ